REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷത്തിന്റെ അവിശ്വാസ പ്രമേയ നോട്ടീസിൽ തീരുമാനമുണ്ടാകുന്നതു വരെ സഭാ നടപടികളിൽ പങ്കെടുക്കില്ലെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.**
- **സൈബർ കുറ്റവാളികളെ നേരിടാൻ CBI ഉം NIA യും, ബാങ്കുകളും സംയുക്ത സംവിധാനം വികസിപ്പിക്കണമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ.**
- **കേരളം അടക്കം 17 സംസ്ഥാനങ്ങൾക്ക് പ്രത്യേക NIA കോടതികൾ സ്ഥാപിക്കുന്നതിനെ പറ്റി റിപ്പോർട്ട് നൽകാൻ സുപ്രീം കോടതി നോട്ടീസ്.**
- **പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച 800 കോടി രൂപയുടെ റോഡുകളും പാലങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും.**
- **കൃഷി വകുപ്പിന്റെ 'വൈഗ' കാർഷിക പ്രദർശന - വിപണന മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാൻ, അമേരിക്കയെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷം സമർപ്പിച്ച അവിശ്വാസ പ്രമേയ നോട്ടീസിൽ തീരുമാനമുണ്ടാകുന്നതു വരെ ധാർമ്മികത മുൻ നിർത്തി സഭാ നടപടികളിൽ പങ്കെടുക്കില്ലെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള വ്യക്തമാക്കി. ഇന്നലെ

ലോക് സഭാ സെക്രട്ടറി ജനറലിന് 118 പ്രതിപക്ഷ അംഗങ്ങൾ ഒപ്പുവെച്ച അവിശ്വാസ പ്രമേയ നോട്ടീസ് കൈമാറിയിരുന്നു. ബന്ധപ്പെട്ട നിയമങ്ങൾപ്രകാരം നോട്ടീസ് പരിശോധിച്ച് തുടർനടപടിയെടുക്കുമെന്ന് ലോക്സഭാ സെക്രട്ടറിയേറ്റ് അറിയിച്ചു. കോൺഗ്രസ്, DMK, സമാജ് വാദി പാർട്ടി, RJD, ഇടതുപാർട്ടി അംഗങ്ങൾ എന്നിവർ പ്രമേയനോട്ടീസിൽ ഒപ്പുവെച്ചിട്ടുണ്ട്. എന്നാൽ തൃണമൂൽ കോൺഗ്രസ് പാർട്ടി MP മാർ നോട്ടീസിൽ ഒപ്പിട്ടില്ല.

✪✪✪

കേന്ദ്ര ബജറ്റിൽ പാർലമെന്റിന്റെ ഇരുസഭകളിലും ചർച്ച ഇന്ന് പുനരാരംഭിക്കും. സാമ്പത്തിക വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിനുമാണ് ബജറ്റ് മുൻഗണന നൽകുന്നതെന്ന് രാജ്യസഭയിൽ ചർച്ചയിൽ പങ്കെടുത്ത BJP അംഗം സുരേന്ദ്ര സിംഗ് നാഗർ പറഞ്ഞു.

✪✪✪

സൈബർ കുറ്റവാളികൾ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് രംഗത്തുവരുമ്പോൾ അവരെ നേരിടാൻ CBI ഉം NIA, സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ, ED, ബാങ്കുകൾ എന്നിവ സംയുക്ത സംവിധാനം വികസിപ്പിക്കണമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ ആവശ്യപ്പെട്ടു. സൈബർ തട്ടിപ്പുകാരെക്കാൾ രണ്ട് ചുവട് മുന്നിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ന്യൂഡൽഹിയിൽ സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നത് സംബന്ധിച്ച ദേശീയ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അമിത് ഷാ. CBI ഉം ആഭ്യന്തരമന്ത്രാലയത്തിന്റെ ആന്റി സൈബർ ക്രൈം യൂണിറ്റും ചേർന്നാണ് സമ്മേളനം ഒരുക്കിയത്. 1930 എന്ന കോൾ സെന്റർ റിപ്പോർട്ട് ചെയ്യുന്ന സൈബർ കുറ്റകൃത്യങ്ങൾ കൃത്യമായി അന്വേഷിക്കാൻ സംസ്ഥാനങ്ങൾ പൊലീസിൽ ആവശ്യമായ ജീവനക്കാരെ നിയോഗിക്കണമെന്നും അമിത് ഷാ നിർദേശിച്ചു.

✪✪✪

ഭീകര വിരുദ്ധ നിയമപ്രകാരം പത്തോ അതിലേറെയോ കേസുകളിൽ വിചാരണ വൈകുന്ന, കേരളം അടക്കം 17 സംസ്ഥാനങ്ങൾക്ക് പ്രത്യേക NIA കോടതികൾ സ്ഥാപിക്കുന്നതിനെ പറ്റി റിപ്പോർട്ട് നൽകാൻ സുപ്രീം കോടതി നോട്ടീസ് അയച്ചു. ഈ സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാർ മൂന്നാഴ്ചയ്ക്കകം പ്രത്യേക കോടതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ വ്യക്തമാക്കണമെന്ന് നോട്ടീസ് ആവശ്യപ്പെടുന്നു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്........

പ്രത്യേക NIA കോടതികളുടെ എണ്ണവും കേസുകളും സംബന്ധിച്ച ആഭ്യന്തരമന്ത്രാലയത്തിന്റെ സ്ഥിതി വിവര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റെ നിർദേശം. ഭീകരവിരുദ്ധക്കേസുകളുടെ വിചാരണയിലുണ്ടാകുന്ന കാലതാമസം നീതി നിഷേധത്തിന് തുല്യമാണെന്ന് മൂന്നംഗ ബഞ്ച് വിലയിരുത്തി. ഓരോ പ്രത്യേക NIA കോടതി സ്ഥാപിക്കാനും കേന്ദ്രം ഒറ്റത്തവണ ഗ്രാന്റായി ഒരു കോടി രൂപയും ഓരോ വർഷത്തേയും പ്രവർത്തന ചെലവിന് ഓരോ കോടി രൂപയും നൽകുന്നുണ്ടെന്ന് ആഭ്യന്തരമന്ത്രാലയം സുപ്രീം കോടതിയെ അറിയിച്ചു.

✪✪✪

ആദായ നികുതിക്കേസുകളിൽ മുൻകൂർ നോട്ടീസ് നൽകി പരിശോധന നടത്തുന്ന രീതിയെ സുപ്രീം കോടതി വിമർശിച്ചു. ഇപ്പോഴത്തെ ഡിജിറ്റൽ കാലത്ത് മുൻകൂർ നോട്ടീസ് നൽകുന്നത് അന്വേഷണം തുടങ്ങും മുമ്പ് അത് അവസാനിക്കാൻ കാരണമാകുമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്തും, ജസ്റ്റീസ് ജോയ് മല്യ ബാഗ്ചി യും അഭിപ്രായപ്പെട്ടു. ഇത് അന്വേഷണത്തിന്റെ ഉദ്ദേശ ശുദ്ധിയെ തന്നെ ഇല്ലാതാക്കും. ഇലക്ട്രോണിക് തെളിവുകൾ ഇല്ലാതെയാക്കാൻ ബന്ധപ്പെട്ട കക്ഷികൾക്ക് സമയം നൽകുന്നതിന് തുല്യമാണ് മുൻകൂർ നോട്ടീസെന്നും ബഞ്ച് വിലയിരുത്തി. ആദായ നികുതി നിയമത്തിലെ 132-ാം സെക്ഷനുമായി ബന്ധപ്പെട്ട പൊതുതാൽപര്യ ഹർജികളുടെ പരിഗണനാ വേളയിലാണ് കോടതിയുടെ വിമർശനം.

✪✪✪

പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്ത് പൂർത്തീകരിച്ച 800 കോടി രൂപയുടെ 30 റോഡുകളും ആറ് പാലങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും. തിരുവനന്തപുരം അമ്പൂരി കുമ്പിച്ചൽ കടവ് പാലം ഉദ്ഘാടന ചടങ്ങിലാണ് മറ്റ് റോഡുകളും പാലങ്ങളും ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുന്നത്.

നവീകരിച്ച മുണ്ടൂർ - തൂത നാലുവരി സംസ്ഥാന പാതയും വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. മുണ്ടൂരിൽ നിന്നും പാലക്കാട് ജില്ലയുടെ അതിർത്തിയായ തൂതപ്പാലം വരെ 37 കിലോ മീറ്ററോളം റോഡാണ് നവീകരണം പൂർത്തിയാക്കി തുറന്ന് നൽകുന്നത്.

കാപ്പാട് - തുഷാരഗിരി- അടിവാരം റോഡിന്റെ മൂന്നര കിലോമീറ്ററും ഇന്ന് ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ തേജസ്വിനി പുഴക്ക് കുറുകെ നിർമ്മിച്ച കോഴിച്ചാൽ - മീന്തുള്ളി പാലം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

...........വോയ്സ്.......

4 കോടി 80 ലക്ഷം രൂപ വിനിയോഗിച്ച് ആണ് പാലം പൂർത്തിയാക്കിയത്. മഴക്കാലത്ത് ഒറ്റപ്പെട്ടു പോകുന്ന ഈ പ്രദേശത്തെ നിരവധി കുടുംബങ്ങൾക്ക് പുതിയ പാലം വലിയ ആശ്വാസമാകും.

നേരത്തെ ഇരുകരയിലും ഉള്ളവർക്കു ഏക ആശ്രയം നടപ്പാലം മാത്രമായിരുന്നു. വലിയതോതിലുള്ള ഭീഷണിയും നടപ്പാലം ഉയർത്തിയിരുന്നു. സഞ്ചാരികളെ മാടിവിളിക്കുന്ന വൈറ്റ് വാട്ടർ റാഫ്റ്റിംഗ് കേന്ദ്രം കൂടിയാണ് തേജസിനി പുഴ.

ഉത്തര മലബാറിലെ ഏക വൈറ്റ് വാട്ടർ റാഫ്റ്റിംഗ് കേന്ദ്രമായ ഇവിടെ സഞ്ചാരികൾക്ക് എളുപ്പം എത്തിച്ചേരാനും പാലം തുറക്കുന്നതോടെ സാധിക്കും. ഉദ്ഘാടന ചടങ്ങിൽ മന്ത്രി പി. എ മുഹമ്മദ് റിയാസ് അധ്യക്ഷനാകും.

✪✪✪

കോൺഗ്രസ്-BJP-ജമാഅത്തെ ഇസ്ലാമി കോർഡിനേറ്റർ ആയിട്ടാണ് പ്രതിപക്ഷ നേതാവ് VD സതീശൻ പ്രവർത്തിക്കുന്നതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ആരോപിച്ചു. കേരളത്തിലെ ഗവൺമെന്റിനെ എങ്ങനെയെങ്കിലും തകർക്കണമെന്നതാണ് അവരുടെ ലക്ഷ്യമെന്നും MV ഗോവിന്ദൻ പറഞ്ഞു. LDF വികസന മുന്നേറ്റ ജാഥക്ക് ഏറനാട്, നിലമ്പൂർ, വണ്ടൂർ മണ്ഡലങ്ങളിൽ ഒരുക്കിയ സ്വീകരണയോഗങ്ങളിൽ സംസാരിക്കുകയായിരുന്നു MV ഗോവിന്ദൻ.

✪✪✪

കടമെടുപ്പും അനാവശ്യ ചിലവുകളും വഴി ആറു ലക്ഷം കോടി രൂപയുടെ ബാധ്യതയാണ് LDF ഗവൺമെന്റ് ജനങ്ങളുടെ തലയിൽ കെട്ടിവെച്ചിരിക്കുന്നതെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. പുതുയുഗയാത്രക്ക് മാനന്തവാടിയിൽ നൽകിയ സ്വീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബത്തേരി, കൽപ്പറ്റ എന്നിവിടങ്ങളിലും യാത്രയ്ക്ക് സ്വീകരണം നൽകി. കൽപ്പറ്റയിൽ സ്വീകരണം മുസ്ലിംലീഗ് ദേശീയ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു.

യാത്ര ഇന്ന് കോഴിക്കോട് ജില്ലയിൽ പര്യടനം നടത്തും. രാവിലെ ജില്ലാ അതിർത്തിയായ തൊട്ടിൽപാലത്ത് യാത്രയെ UDF ജില്ലാ നേതാക്കൾ സ്വീകരിക്കും. തുടർന്ന് കുറ്റ്യാടി, നാദാപുരം, വടകര, കൊയിലാണ്ടി എന്നിവിടങ്ങളിലെത്തും. ആദ്യദിവസത്തെ പര്യടനം വൈകീട്ട് ബാലുശ്ശേരിയിൽ സമാപിക്കും.

✪✪✪

ഭാരതത്തിലെ രാഷ്ട്രീയ രംഗം കുറ്റമറ്റതും മൂല്യവത്തുമാകണമെങ്കിൽ വ്യക്തിഗുണം പുലർത്തുന്നവർ രാഷ്ട്രീയത്തിലേക്ക് കടന്നുവരണമെന്ന് RSS സർ-കാര്യവാഹ് ദത്താത്രേയ ഹൊസബാളെ അഭിപ്രായപ്പെട്ടു. RSS ശതാബ്ദി വർഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'പ്രേരണ' പരിപാടിയിൽ ഉത്തരകേരള പ്രാന്തത്തിലെ ക്ഷണിക്കപ്പെട്ട യുവജനങ്ങളുമായി കോഴിക്കോട്ട് സംവദിക്കുകയായിരുന്നു അദ്ദേഹം. എല്ലാ പാർട്ടികളിലും രാഷ്ട്രീയത്തിലെ മോശപ്പെട്ട വൈറസ് ബാധയുണ്ടെന്നും അത് ഇല്ലായ്മ ചെയ്യാൻ കഴിയണമെന്നും ഹൊസബാളെ അഭിപ്രായപ്പെട്ടു.

✪✪✪

സംസ്ഥാന കൃഷി വകുപ്പിന്റെ 'വൈഗ' കാർഷിക പ്രദർശന - വിപണന മേളയുടെ ഏഴാം പതിപ്പ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ആനയറ വേൾഡ് മാർക്കറ്റ് മൈതാനത്താണ് മേള ഒരുക്കിയിരിക്കുന്നത്.

✪✪✪

അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയും വെള്ളിയാഴ്ച തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് പട്ടം സെന്റ് മേരീസ് സ്കൂളിലാണ് ഉദ്ഘാടന ചടങ്ങെന്ന് മന്ത്രി V.ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

79 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. മേയ് അവസാന വാരത്തോടെ എല്ലാ പുസ്തകങ്ങളും സ്കൂളുകളിൽ എത്തിക്കുമെന്ന് മന്ത്രി പറഞ്ഞു. അടുത്ത അധ്യയന വർഷം മുതൽ 11-ാം ക്ലാസിൽ പുതിയ പാഠപുസ്തകങ്ങൾ ആയിരിക്കുമെന്നും മന്ത്രി അറിയിച്ചു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും കൈത്തറി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സൗജന്യ യുണിഫോം പദ്ധതി രണ്ട് തരത്തിലാണ് നടപ്പാക്കുന്നത്.

✪✪✪

പാവപ്പെട്ട സ്ത്രീകൾക്കും ട്രാൻസ് സ്ത്രീകൾക്കും വേണ്ടി നടപ്പാക്കുന്ന സ്ത്രീ സുരക്ഷാ പദ്ധതി രാവിലെ തിരുവനന്തപുരം മലയൻകീഴിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. അന്ത്യോദയ അന്നയോജന മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതാണ് പദ്ധതി. പദ്ധതിയിൽ ആയിരം രൂപ വീതം ഈ വിഭാഗങ്ങൾക്ക് വിതരണം ചെയ്യും.

✪✪✪

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ കൊളംബോയിൽ ഗ്രൂപ്പ് A മത്സരത്തിൽ പാകിസ്ഥാൻ അമേരിക്കയെ 32 റൺസിന് തോൽപ്പിച്ചു.

നേരത്തെ ഗ്രൂപ്പ് D മത്സരത്തിൽ ചെന്നൈയിൽ, ന്യൂസിലൻഡ് UAE യെ 10 വിക്കറ്റിന് പരാജയപ്പെടുത്തി.

ഡൽഹിയിൽ ഗ്രൂപ്പ് A മത്സരത്തിൽ നെതർലാൻഡ്സ് നമീബിയയെ 7 വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് മൂന്ന് മത്സരങ്ങൾ. രാവിലെ 11ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ദക്ഷിണാഫ്രിക്ക അഫ്ഗാനിസ്ഥാനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിന് കൊളംബോയിലെ R പ്രേമദാസ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയ അയർലൻഡിനെയും വൈകിട്ട് ഏഴിന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസിനെയും നേരിടും.

✪✪✪

തൃശ്ശൂർ താലൂക്ക് തല, സ്റ്റേ-പട്ടയ അദാലത്തിലെ 169 അപേക്ഷകളിൽ, 43 പേർക്ക് സാധൂകരിച്ച പട്ടയരേഖ മന്ത്രി K രാജൻ കൈമാറി. അദാലത്തിൽ ലഭിച്ച 169 അപേക്ഷകളിൽ 70 എണ്ണമാണ് പരിഗണിച്ചത്. 27 പേർക്ക് രേഖകൾ നൽകാനും അദാലത്തിൽ തീരുമാനിച്ചു. ശേഷിക്കുന്ന അപേക്ഷകൾ കാലതാമസം ഇല്ലാതെ പരിഗണിക്കാൻ ബന്ധപ്പെട്ട വകുപ്പിന് നൽകി.

✪✪✪

വ്യക്തിയുടെയും കുടുംബത്തിന്റെയും ജീവിത നിലവാരം മെച്ചപ്പെടുമ്പോഴാണ് വികസനം പൂർണതയിലെത്തുന്നതെന്ന് മന്ത്രി OR കേളു പറഞ്ഞു. OBC വിഭാഗം തെരുവ് കച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെൻഡിങ് കാർട്ട് വാങ്ങുന്നതിന് ധനസഹായം നൽകുന്ന സംസ്ഥാനതല പദ്ധതി കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

56 ഗുണഭോക്താക്കൾക്കാണ് ധനസഹായം വിതരണം ചെയ്തു. സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനാണ് വായ്പ നൽകുന്നത്.

✪✪✪

തുടർഭരണത്തിനെതിരായ K സച്ചിദാനന്ദന്റെ പരാമർശത്തിൽ CPIM തൃശൂർ ജില്ലാ സെക്രട്ടറി KV അബ്ദുൾ ഖാദർ, തൃശ്ശൂരിലെ വീട്ടിലെത്തി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. നിയസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രതികരണമായി ഇത് കാണുന്നില്ലെന്നും  കക്ഷിരാഷ്ട്രീയത്തിനപ്പുറത്തെ പ്രതികരണമാണ് സച്ചിദാനന്ദൻ നടത്തിയതെന്നും അബ്ദുൾ ഖാദർ പറഞ്ഞു.

തുടർ ഭരണത്തിനെതിരെ സമാന അഭിപ്രായവുമായി എഴുത്തുകാരി സാറ ജോസഫും രംഗത്തുവന്നിരുന്നു.

✪✪✪

സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിൽ വരുത്താതെ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി പ്രഖ്യാപിച്ച് സംസ്ഥാന ഗവൺമെന്റ് അധ്യാപകരെയും ജീവനക്കാരെയും വഞ്ചിച്ചിരിക്കുകയാണെന്ന് കേരള ഹയർ സെക്കണ്ടറി ടീച്ചേർസ് യൂണിയൻ സംസ്ഥാന കൗൺസിൽ യോഗം  കോഴിക്കോട്ട് കുറ്റപ്പെടുത്തി.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ,*
*NRTs:  ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*